# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **2135**

05/05/2017 -ൽ മറുപടിയ്ക്ക്.

## പാലിന്റെയും പാൽ ഉത്പന്നങ്ങളുടെയും ഗുണനിലവാരം

**ചോദ്യം**

ശ്രീ. എസ്.ശർമ്മ

(എ) സംസ്ഥാനത്ത് പാലിന്റെയും പാൽ ഉത്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ്, സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും സാമ്പിളുകൾ നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ അയച്ചുകൊടുത്ത് പരിശോധന നടത്തി വരുന്നു. ഇതു കൂടാതെ ചെക്ക് പോസ്റ്റ് വഴി കേരളത്തിൽ എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് രണ്ട് മൊബൈൽ ലബോറട്ടറികൾ പ്രവർത്തിപ്പിക്കുന്നുണ്ട്. പാലിന്റെ ഗുണമേന്മ പരിശോധനയിൽ മായം കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഡയറി ലാബും കോട്ടയം പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ റീജിയണൽ ലാബും പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ അന്യ സംസ്ഥാനത്തുനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ചെക്ക്പോസ്റ്റുകളിൽ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു.

മിൽമാ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക്ക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ് ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള NABL (National Accreditation Board for Testing and Calibration Laboratories) Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ്, ആന്റി ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടേയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലുത്പാദനത്തിൻ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(ബി) ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന ശരാശരി പാൽ സംഭരണം 16.36 ലക്ഷം ലിറ്ററിൽ നിന്നും 16.41 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്

2017 ഏപ്രിൽ മാസത്തിൽ
കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ ഏതാണ്ട് 8.2 ശതമാനത്തോളം വർദ്ധനവുണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.